# Virtual meeting between Minister of State, Ministry of External Affairs and Mr. FranoMatusic, State Secretary for Political Affairs, Croatia

December 24, 2020

---

## ഇന്ത്യൻ വിദേശകാര്യ സഹമന്ത്രിയും ക്രൊയേഷ്യ പൊളിറ്റിക്കൽ അഫയേഴ്സ് സ്റ്റേറ്റ് സെക്രട്ടറിയായ ഫ്രാനോ മോസീത്സും തമ്മിലുള്ള വിർചൽ മീറ്റിംഗ്

ഡിസംബർ 24, 2020

വിദേശകാര്യ സഹമന്ത്രി ശ്രീ വി മുരളീധരനും കൊറേഷ്യൻ റിപ്പബ്ലിക്ക് ഫോറിൻ ആൻഡ് യൂറോപ്യൻ അഫയേഴ്സ് മന്ത്രാലയത്തിലെ പൊളിറ്റിക്കൽ അഫയേഴ്സ് സ്റ്റേറ്റ് സെക്രട്ടറി ഫ്രാനോ മോസീത്സും തമ്മിലുള്ള വിർചൽ കോൺഫറൻസ് 2020 ഡിസംബർ 22 ന് നടന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധം മൂന്ന് ദശാബ്ദങ്ങൾ പിന്നിടുന്നതിലുള്ള ആഘോഷങ്ങൾ ഉൾപ്പടെ 2021 ൽ പരസ്പര സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികളും മീറ്റിംഗിൽ ക്രമീകരിച്ചു.

2. കോവിടെ പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിലും വരാനിരിക്കുന്ന വർഷങ്ങളിൽ ലോകം നേരിടേണ്ടി വരുന്ന ഇത്തരത്തിലുള്ള മാറ്റങ്ങളുടെയും സാഹചര്യത്തിൽ ആരോഗ്യരംഗത്തെ സഹകരണം ലക്ഷ്യമാക്കിയുള്ള ആശയങ്ങളും കാഴ്ചപ്പാടുകളും കൊറേഷ്യൻ സ്റ്റേറ്റ് സെക്രട്ടറിയും ഇന്ത്യൻ സഹവിദേശകാര്യമന്ത്രിയും ചർച്ചചെയ്തു. ഫാർമസ്യൂട്ടിക്കൽ വ്യവസായം, ആരോഗ്യ പരിചരണം സംബന്ധിച്ച ഗവേഷണ വികസനങ്ങൾ എന്നി മേഖലയിൽ രണ്ടു വിഭാഗങ്ങളും തമ്മിലുള്ള മികച്ച സഹകരണം കണക്കിലെടുത്തുകൊണ്ട്, പരസ്പരം ഉപകാരപ്രദമാകുന്ന രീതിയിൽ , സഹകരണപ്രവർത്തനങ്ങളെ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള സാധ്യതയെ പറ്റിയും മന്ത്രിമാർ തമ്മിൽ ചർച്ച ചെയ്തു.

3. ഈ പകർച്ചവ്യാധി മൂലം ശ്രദ്ധയാകർഷിച്ച മറ്റൊരു മേഖലയാണ് ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ പ്രാധാന്യം. കോർപറേറ്റ് പങ്കാളിത്തം, നൂതന സംരംഭങ്ങളിൽ ഇടപെടലുകൾ, സൈബർ ഗവേഷണവും വികസനവും, അറിവും കഴിവുമുള്ള മാനവ വിഭവശേഷിയുടെ സഹകരണം, സൈബർ സെക്യൂരിറ്റി കൂടാതെ സൈബർ ഇൻഫ്രാസ്റ്റർക്ച്ചർ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ബഹുമേഖല ഡിജിറ്റൽ പങ്കാളിത്തം രൂപീകരിക്കുന്നതിനുള്ള ആവശ്യകതയെക്കുറിച്ച് കൊറേഷ്യ സ്റ്റേറ്റ് സെക്രട്ടറിയും ഇന്ത്യൻ വിദേശകാര്യസഹമന്ത്രിയും ചർച്ച ചെയ്തു. 2020 ഡിസംബർ സംഘടിപ്പിക്കുന്ന നൂതന സംരംഭക മേഖലയിലുള്ള ആദ്യ പരിപാടികൾ അവർ സ്വാഗതം ചെയ്യുകയും ചെയ്തു.

4. വളരെ ശക്തമായ സാംസ്കാരിക സഹകരണം തിരിച്ചറിഞ്ഞുകൊണ്ട് തന്നെ,നയതന്ത്ര ബന്ധങ്ങളുടെ 30 വർഷങ്ങൾ ആഘോഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, 2021 -22 കാലഘട്ടത്തിൽ സാംസ്കാരിക മേഖലയിലെ ശക്തമായ ഇടപെടലുകളുടെ ആവശ്യകത ഇരു വിഭാഗങ്ങളും ഉയർത്തിക്കാണിച്ചു. ഇതേ തുടർന്ന് സാംസ്കാരിക ട്രൂപ്പുകളുടെ കൈമാറ്റം, ഫൈൻ ആർട്സ്, ആർക്കിയോളജി മേഖലകളിലെ സഹകരണം കൂടാതെ ക്രൊയേഷ്യൻ സർവകലാശാലയിൽ ICCR സ്പോൺസർ ചെയ്യുന്ന ഹ്രസ്വകാല അധ്യക്ഷൻ എന്നിവയുടെ സാധ്യതകളെക്കുറിച്ച് കൊറേഷ്യ സ്റ്റേറ്റ് സെക്രട്ടറിയും ഇന്ത്യൻ വിദേശകാര്യസഹമന്ത്രിയും ചർച്ച ചെയ്തു.

5.ശാസ്ത്രം, സാങ്കേതികത കൂടാതെ നൂതമായ കണ്ടുപിടുത്തങ്ങൾ എന്നിവയോടനുബന്ധിച്ചു ഒരുമിച്ചുള്ള ഗവേഷണം, സഹകരണത്തോടെയുള്ള കിയാത്മകത,വികസനം എന്നീ

മേഖലകളിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതിന് ഇരു രാജ്യങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് അവസരം നൽകുന്നതിനുള്ള പ്രാധാന്യവും ഇരു വിഭാഗവും അംഗീകരിച്ചു. സാഗ്രബ് സർവകലാശാല,രൂഡർബോസ്കോവിച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൂടാതെ മെഡിറ്ററേനിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ് സയൻസസ് എന്നിവ ഇന്ത്യൻ ബയോടെക്നോളജി വകുപ്പുമായി ചേർക്കുന്നതിന് അടുത്തിടെ നടന്ന ശ്രമങ്ങളെ അവർ അഭിനന്ദിക്കുകയും ചെയ്തു.

6. B2B, P2P എൻഗേജ്മെൻറ്റുകളുടെ പ്രധാന ഭാഗമായിരുന്നു ടൂറിസം. പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ ഈ മേഖല നേരിടുന്ന പ്രതികൂല പ്രഭാവം നീക്കം ചെയ്ത ടൂറിസം പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പ്രാധന്യവും ഇരു വിഭാഗങ്ങൾ തിരിച്ചറിഞ്ഞു. ഇരു രാജ്യങ്ങളിലെയും ടൂറിസം സൈറ്റുകളെപ്പറ്റിയുള്ള അവബോധങ്ങൾ നൽകുന്ന സിനിമാവ്യവസായം ഇടപെടലും സഹകരണം ആവശ്യമുള്ള പ്രധാനമേഖലയായി പരിഗണിക്കുന്നതുമാണ്.

7. ഇന്ത്യയിലെ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകളിൽ കോര്ഷ്യം കമ്പനികളുടെ അവസരങ്ങൾ വിദേശകാര്യസഹമന്ത്രി ചൂണ്ടിക്കാണിച്ചു.ഈ പശ്ചാത്തലത്തിൽ റെയിൽവേകൾ, കപ്പൽ നിർമാണം, പരിസ്ഥിതി സൗഹാർദ സാങ്കേതിക വിദ്യകൾ, കൃഷി, ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം കൂടാതെ മത്സ്യബന്ധനം എന്നിവയും ശ്രദ്ധിക്കപ്പെട്ടു.

8. ഇൻഡോ പസഫിക് പ്രവിശ്യയുടെ വികസനം സംബന്ധിച്ച ആശയങ്ങളും ക്രൊയേഷ്യൻ സെറ്റിട്ട സെക്രട്ടറിയും ഇന്ത്യൻ സഹ വിദേശകാര്യമന്ത്രിയും ചർച്ച ചെയ്തു.ലോകജനതയുടെ 64 % ത്തോളം ആളുകൾ താമസിക്കുന്നതും ലോകസമാധാനത്തിലും സമൃദ്ധിയിലും നേരിട്ട് പ്രഭാവങ്ങൾക്ക് വഴിവയ്ക്കുന്നതുമായ ഇൻഡോ-പസഫിക് പ്രവിശ്യയുടെ സുതാര്യതയും സ്വാതന്ത്ര്യവും സ്ഥിരതയും ഉറപ്പുവരുത്തുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത അവർ ആവർത്തിച്ചു. വിതരണ ശൃംഖലകൾ നിലനിർത്തുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള യൂറോപ്യൻ യൂണിയൻ സമീപനം രൂപപ്പെടുത്തുന്നതിനുള്ള ക്രൊയേഷ്യയുടെ സജീവ പങ്കാളിത്തത്തെ ഇന്ത്യ സ്വാഗതം ചെയ്തു.

9. കാലാവസ്ഥാവ്യതിയാനം, തീവ്രവാദപ്രതിരോധം, ആഗോള ആരോഗ്യ പരിചരണ പ്രശ്നങ്ങൾ എന്നിങ്ങനെയുള്ളവയിൽ പൊതുവായതും കൂട്ടായതുമായ അജണ്ടകൾ രൂപപ്പെടുത്തുന്നതിനും സൈബർ സ്പെയ്സ്, നാവിക സുരക്ഷാ കൂടാതെ ബഹിരാകാശം എന്നി മേഖലകളിൽ ബഹുരാഷ്ട്ര മാനദണ്ഡങ്ങൾ രൂപീകരിക്കാനും പരസ്പര സഹകരണപ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള പ്രധാനപ്പെട്ട പ്ലാറ്റ്ഫോമുകളായി യൂറോപ്യൻ യൂണിയനിലെ ക്രൊയേഷ്യയുടെ ശക്തമാവും സജീവവുമായ ചുമതലയും ഇന്ത്യയുടെ ഐക്യരാഷ്ട്ര സഭ സുരക്ഷാകൗൺസിലിലെ രണ്ടു വർഷത്തെ അസ്ഥിര അംഗത്വവും അംഗീകരിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**
**24 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.